

memorabilia
college
of engineering
trivandrum
alumni
ceta UAE
2011

# Contents

| | |
|---|---|
| Ninavu Organising Team | Page 14 - 15 |
| Message - Sree Uthradam Thirunal Marthanda Varma | Page 16 |
| Message - Consul General of India - Dubai | Page 17 |
| Message - Director of Technical Education Kerala | Page 18 |
| Message - CET Principal | Page 19 |
| Former CETA Office Bearers | Page 20 |
| Current CETA Office Bearers | Page 21 |
| CET Images | Page 22 - 24 |
| CETA Cultural Activities | Page 26 - 41 |
| CETA Global Meet | Page 43 - 47 |
| KERA Business Meet | Page 49 - 50 |
| CETA Social Activities | Page 52 - 55 |
| CET Principal's Visit | Page 57 - 58 |
| Workshops and Seminars | Page 60 - 62 |
| സ്നേഹവീടുകളുടെ ശിൽപി | Page 64 - 65 |
| കർമ്മപഥത്തിലെ വളകിലുക്കങ്ങൾ | Page 67 - 70 |
| ഓർമ്മകളിൽ ഒരുമിച്ച്... | Page 72 - 75 |
| സസ്നേഹം JP... | Page 77 |
| ശ്രീ. വിജയകുമാറുമായുള്ള അഭിമുഖം | Page 79 - 81 |
| A Walk to Past... | Page 83 |
| Kids Ninavu | Page 85 - 88 |
| CETA in KERA Activities | Page 90 - 94 |
| CETA in AKCAF Activities | Page 96 - 97 |
| CETA Sports | Page 99 - 103 |
| CETA Picnics | Page 105 - 110 |
| CETA Tours Out Side UAE | Page 112 - 116 |



# സ്നേഹവീടുകളുടെ ശിൽപി

ജനകീയനായ വാസ്തുശിൽപി എന്ന് ലോകമറിയുന്ന പത്മശ്രീ ജി. ശങ്കറിന്റെ ജീവിത അനുവേങ്ങളുടെ ഋതുഭേദങ്ങളിലുടെ ഊതിക്കാച്ചിയെടുത്തതാണ്. വ്യഥിതബാല്യത്തിന്റെ മഴച്ചാറ്റലിലൂടെ, അസ്തിത്വദുഃഖം നിറഞ്ഞ കൗമാരത്തിന്റെ വേനൽച്ചൂടിലൂടെ, ക്ഷുഭിതയൗവനത്തിന്റെ കൊടുങ്കാറ്റിലൂടെ തളരാതെ പിന്നിട്ട നാൾവഴികൾ... ഒടുവിൽ കർമ്മസപര്യയുടെ വസന്തത്തിലെത്തി നിൽക്കുന്ന ശങ്കർജിയുടെ കഴിഞ്ഞ കാലങ്ങളിലേക്ക് അദ്ദേഹത്തിന്റെ വാക്കുകൾക്കൊപ്പം ഒരു യാത്ര.

സ്വയം തീർത്ത ഒറ്റപ്പെടലിന്റേതായ ഒരു ബാല്യമായിരുന്നു ശങ്കർജിയുടേത്. കളിക്കൂട്ടുകാരിൽ നിന്നുപോലുമകന്ന് തന്റെ ചിന്തകളോടും സ്വപ്നങ്ങളോടും മാത്രം സംവദിച്ച് കഴിഞ്ഞുകൂടാൻ മനസിനെ പാകപ്പെടുത്തിയിരുന്നു അന്ന്. അക്ഷരങ്ങൾ കൂട്ടുകാരായത് അന്നാണ്. ഗാഢമായ വായനയിലൂടെ സ്വയം ആർജ്ജിച്ചെടുത്ത ഒരു മായാലോകത്തിൽ ജിജ്ഞാസ തുടിക്കുന്ന ഒരു കുഞ്ഞുമനുമായി തനിച്ചിരിക്കാനായിരുന്നു അന്ന് കൊച്ചു ശങ്കറിന് ഏറെയിഷ്ടം. ആനന്ദത്തേക്കാളേറെ വേദനകളും വിഹ്വലതകളുമാണ് പുസ്തകങ്ങൾ തനിക്കു സമ്മാനിച്ചതെന്ന് അദ്ദേഹം ഇന്ന് തിരിച്ചറിയുന്നു. എന്നാലും അതിനും ഒരു സുഖമുണ്ടായിരുന്നുവെന്നും.

എം. മുകുന്ദന്റെയും, കാക്കനാടന്റെയും പുസ്തകങ്ങൾ വായിച്ച് അസ്തിത്വ ദുഃഖത്തിൽ നനഞ്ഞിരുന്ന ഒരു ഏഴാം ക്ലാസുകാരനെ നമുക്ക് സങ്കൽപ്പിക്കാനാവുമോ? അല്ലെങ്കിൽ ക്ലാസ് മുറിയുടെ നാലുചുവരുകൾക്കുളളിലെ ശ്വാസംമുട്ടൽ സഹിക്കാതെ പാഠപുസ്തകത്തിലെ അക്ഷരക്കുരുക്കുകളിൽ മന ൂടക്കാൻ കഴിയാതെ പുറംകാഴ്ചകളുടെ അതിരില്ലാ ലോകത്തേയ്ക്ക് പടികളിറങ്ങിപ്പോയ ഒരു ഹൈസ്കൂൾ ബാലനെ ഭവനയിലെങ്കിലും കാണാനാവുമോ? എന്നാൽ അതായിരുന്നു ശങ്കർജി. താനാരാണ് എന്തിന് ഇവിടെയിങ്ങനെ, ഈ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവുമെന്ത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുത്തരം കത്തൊനായി സ്കൂളിലേയ്ക്കുള്ള വഴിയിലെ വൃക്ഷച്ചുവടുകളിൽ ഹോമിച്ചുകളഞ്ഞ പകലുകളും, ഉറക്കമില്ലാത്ത രാത്രികളും.

പുനർജന്മകഥകൾ വായിച്ച് മരണത്തെക്കുറിച്ചും ജീവിതത്തിന്റെ വ്യർത്ഥതയെക്കുറിച്ചും പുതിയ പുതിയ കാഴ്ചപ്പാടുകൾ രുപപ്പെടുത്തിയെടുത്ത നാളുകളായിരുന്നു പിന്നീട്. മരണത്തെ സ്വപ്നം കണാൻ തുടങ്ങി. എന്റെ മൃതശരീരം വഹിച്ചുകൊണ്ടുള്ള യാത്ര. അതിൽ സംബന്ധിക്കുന്ന ജനക്കൂട്ടം, ഉയരങ്ങളിലെങ്ങോ നിന്ന് എല്ലാം കണ്ടു സന്തോഷിക്കുകയായിരുന്നു. ശങ്കർജി പറയുന്നു. മരണത്തോടുള്ള അഭിനിവേശം എന്നാൽ അർത്ഥരഹിതമെങ്കിലും ജീവിതത്തോടുള്ള ആസക്തി. ഈ വൈരുദ്ധ്യത്തിലൂടെ കടന്നുപോകുകയായിരുന്നു അന്നു ഞാൻ. ഞരമ്പുമുറിച്ച് സുഖകരമായ മരണത്തിലേക്ക് നടന്നു മറഞ്ഞ ജാപ്പനീസ് എഴുത്തുകാരൻ യുകിയോ മിഷിമ, വിഷവാതകം ശ്വസിച്ച് സ്വയം മരണം വരിച്ച വിശ്വകവയിത്രി സിൽവിയാ പ്ലാത്ത്, ആത്മഹത്യയിലൂടെ ജീവിതത്തിനു പൂർണ്ണവിരാമമിട്ട എഴുത്തുകാരി രാജലക്ഷ്മി, അക്ഷരങ്ങൾക്ക് എന്നെ ഉൾക്കൊള്ളാൻ കഴിയുന്നില്ലല്ലോ എന്നു വിലപിച്ച് ജീവിതം എറിഞ്ഞുടച്ച പ്രിയ സുഹൃത്ത് ഇവരൊക്കെയായിരുന്നു അന്നു മനസിൽ നിറഞ്ഞു നിന്നിരുന്നത്.

സ്കൂൾ പഠനകാലം കഴിഞ്ഞ സമയത്താണ് ചില പ്രസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കാനിടവന്നത്. മാർക്സിസത്തിന്റെ ജനകീയ നൂതനാശയങ്ങൾ ഒരു വശത്ത്. നിത്യചൈതന്യ യതിയുടെ ശാന്തി ചിന്താധാര മറ്റൊരു വശത്ത്. യതി പകർന്നു നൽകിയ അറിവുകളിലൊന്നിലൂടെയാണ് അക്കാലത്ത് വിൻസന്റ് വാൻഗോഗിനെക്കുറിച്ചറിയുന്നതും ചിത്രകലയെക്കുറിച്ചുള്ള ഗാഢമായൊരു താൽപര്യം രുപപ്പെടുന്നതും. തുടർന്ന് 1976ൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടുമ്പോൾ ആർക്കിടെക്ചർ എന്ന മേഖല തെരഞ്ഞെടുക്കാൻ കാരണവും ഒരുപക്ഷേ ഈ താൽപര്യം തന്നെയാവാം.

ഒരു എഞ്ചിനീയറാവാൻ ഒരിക്കലും ഞാൻ ആഗ്രഹിച്ചിരുന്നില്ല കണക്ക് ഞാൻ ഏറെ വെറുക്കുന്ന ഒരു വിഷയമായിരുന്നു. എന്നാൽകണക്കിന് എനിക്ക് എന്നും നൂറിൽ നൂറു മാർക്കായിരുന്നു എന്നതാണ് വിചിത്രം. കണക്കിൽ മിടുക്കനായവൻ എൻജിനീയർ തന്നെ ആയിത്തീരണം എന്നായിരുന്നു അന്നത്തെ അലിഖിത നിയമം. അതിൻ പ്രകാരം, സാഹിത്യവും സാമ്പത്തിക ശാസ്ത്രവും ഹ്യൂമാനിറ്റീസും പഠിക്കാനാഗ്രഹിച്ച ഞാൻ അതിൽ നിന്നൊക്കെ മാറി അക്കങ്ങളുടെയും വരകളുടെയും ലോകത്തേക്ക് പറിച്ചു നടപ്പെടുകയായിരുന്നു.

കലാലയ സ്മൃതികൾക്ക് നിറം കടുചുവപ്പ്, വിപ്ലവത്തിന്റെ, എതിരിടലിന്റെ, തിരിച്ചടികളുടെ, അതിജീവനത്തിന്റെ അരുണവർണ്ണം. തോൽവി ഉൾക്കൊള്ളാൻ ശീലിച്ചിട്ടില്ലാത്ത മനസ് എതിർപ്പുകളിലൂടെ വിജയങ്ങൾ കണ്ടു. ഒടുവിലൊരുനാൾ തോറ്റു പിൻമാറാൻ വയ്യെന്നായ ഒരു പ്രത്യേക ഘട്ടത്തിൽ ജീവിതമെന്ന ചങ്ങല പൊട്ടിച്ചെറിയാൻ തന്നെ സന്നദ്ധനായി മരണക്കുറിപ്പെഴുതി കീശയിലിട്ട് ബോധാബോധങ്ങളുടെ ഇരുണ്ട ഇടനാഴികളിലൂടെ തീ വണ്ടിച്ചക്രങ്ങൾ ലക്ഷ്യമാക്കി നടന്നു. എന്നാൽ, നിനക്കിങ്ങനെ തോൽക്കാനാകുമോ എന്ന് കൈപിടിച്ച് പിന്നിലേയ്ക്കു നടത്തിയത് വിധി തന്നെയാവും എന്ന് വിശ്വസിക്കാനാണ് ശങ്കർജജിക്ക് ഇന്നുമി

ഷ്ടം. ആ വിധിയുടെ ആൾരൂപങ്ങളായി ഒരു നിയോഗം പോലെ അന്നവിടെയെത്തിയ നാലു കൂട്ടുകാരികൾ തന്നെ ജീവിതത്തിലേക്ക് തിരികെ വിളിച്ച അവരിൽ ഒരാളായ പിന്നീട് വർഷങ്ങൾക്കുശേഷം അബുദാബിയിൽ വെച്ചുള്ള ഒരു വാഹനാപകടത്തിൽ അകാലത്തിൽ മരണമടഞ്ഞ പ്രിയ സ്നേഹിതയെക്കുറിച്ചുള്ള ഓർമകൾ ഇന്നും ശങ്കർജ്ജിയുടെ മനസിൽ നീറുന്നൊരു മുറിവാണ്. ജീവിതത്തിനും മരണത്തിനുമിടയിലെ നൂൽപ്പാലത്തിലൂടെയുള്ള അന്നത്തെ ആ നിമിഷങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ അദ്ദേഹം വികാരാധീനനായി. വിജയസോപാനങ്ങൾ ചവിട്ടിക്കയറേണ്ട ഈ ചെറുപ്പക്കാരന്റെ പാദങ്ങൾ ഇങ്ങനെ നിശ്ചലമാകേണ്ടവയല്ല എന്ന് അന്നേ ദീർഘദർശനം ചെയ്തിട്ടുണ്ടാവണം കാലം.

ബിരുദ സമ്പാദനത്തിന് ശേഷം തൊഴിലന്വേഷണത്തിന്റെ നീളൻ പാതകളിലൂടെ നടന്നെത്തിയത് ഡൽഹിയുടെ രാജവീഥികളിൽ. ഒരു ആർകിടെക്റ്റ് എങ്ങനെയായിരിക്കണം എന്നല്ല, ഒരു ആർക്കിടെക്ട് എങ്ങനെയൊക്കെ ആയിത്തീരരുത് എന്ന് എന്നെ പഠിപ്പിച്ചു അന്നത്തെ ആ ഡൽഹി ജീവിതം. ശങ്കർജി ഓർത്തെടുക്കുന്നു. കെട്ടിടനിർമ്മാണരംഗത്തെ കുറുക്കുവഴികളും കുടിലതന്ത്രങ്ങളുമെല്ലാം കൺമുന്നിൽ കണ്ടറിഞ്ഞ് മനംമടുത്ത് വീണ്ടുമൊരു മടക്കയാത്ര.

തന്റെ വഴികൾ ഇതൊന്നുമല്ല എന്ന തിരിച്ചറിവുതന്ന മനോബലവുമായി തിരികെ സ്വന്തം നാട്ടിൽ വണ്ടിയിറങ്ങുമ്പോൾ കൂട്ടിനു കിട്ടിയത് ലാറി ബേക്കർ എന്ന ക്രാന്തദർശിയായ വാസ്തുശിൽപിയുടെ നൂതനാശയങ്ങൾ. എൻജിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ ക്ലാസിലിരുന്ന് വിദേശ കെട്ടിടനിർമ്മാണ മാതൃകകളെക്കുറിച്ച് പഠിക്കുമ്പോഴും, ഇന്ത്യൻ ജീവിത്തിനും ഇവിടത്തെ മണ്ണിനുമിണങ്ങുന്ന നിർമ്മാണ രീതികളെക്കുറിച്ചു സ്വപ്നംകണ്ടിരുന്ന ആ യുവാവിന് അങ്ങനെയായിത്തീരാതെ തരമില്ലല്ലോ. അങ്ങനെ സ്വന്തം സ്വപ്നങ്ങളെ മൂലധനമാക്കി 1987 ൽ ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തിന്റെ തുടക്കം. പിൽക്കാലത്ത് പ്രശസ്തിയുടെ ഗിരിശൃംഗങ്ങൾ കീഴടക്കിയ ഒരു മഹാ സംരംഭത്തിന് ഹരിശ്രീ കുറിക്കപ്പെടുകയായിരുന്നു അന്നവിടെ.

ഹാബിറ്റാറ്റ് ആരംഭിച്ചതിനെത്തുടർന്നുള്ള കുറച്ചു നാളുകൾ ജീവിത്തിന്റെ കടുത്ത വേനൽച്ചൂടിലൂടെ കടന്നുപോവുകയായിരുന്നുവെന്ന് ശങ്കർജി. ആരും അന്വേഷിച്ചുവരാനില്ലാത്ത ഓഫീസ്മുറി, മൗനവ്രതത്തിലായ ടെലിഫോൺ, നിഷ്ക്രിയമായ പകലുകൾ, എല്ലാ തരത്തിലും കുത്തഴിഞ്ഞ ദിവസങ്ങൾ. എന്തെങ്കിലും ഒരു മാറ്റം ജീവിതത്തിനു വേണമെന്ന ചിന്തയ്ക്കൊടുവിൽ ക്രിയാത്മകമായ ഒരു തീരുമാനം. ജേർണലിസം പഠിക്കണം. അങ്ങനെ തിരുവനന്തപുരം പ്രസ് ക്ലബ്ബിലെ സായാഹ്നക്ലാസുകളിലെ സ്ഥിരം സാന്നിദ്ധ്യമായി ശങ്കർജി. പ്രസ് ക്ലബ്ബിലെ പത്രപ്രവർത്തന പഠനകാലം സമ്മാനിച്ചത് അക്ഷരങ്ങളിലേക്കുള്ള ഒരു മടക്കയാത്ര മാത്രമായിരുന്നില്ല, ജീവിതത്തിന് എന്നും കൂട്ടായി നിൽക്കുന്ന ഒരു വിലപ്പെട്ട പാരിതോഷികം. സുഗത എന്ന ജീവിത സഖി.

ഒരു സുഹൃത്ത് എനിക്കൊരു വീടുപണിതു തരു എന്നാവശ്യപ്പെട്ടുവന്നതോടെ ഹാബിറ്റാറ്റിന്റെ പ്രവർത്തനങ്ങളിലും ഉണർവ്വുണ്ടായി പിന്നെ പതുക്കെപ്പതുക്കെ ശങ്കർജിയുടെ പരിസ്ഥിതി ബന്ധിതസമീപനങ്ങൾ കേരളത്തിലെ കെട്ടിടനിർമ്മാണ മേഖലയിൽ ചലനങ്ങൾ സൃഷ്ടിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ വാക്കുകളിൽ സമാന്തര പ്രോഗ്രഷനിൽ നിന്നും സമഗുണിത പ്രോഗ്രഷനിലേക്ക് വർക്കുകളുടെ എണ്ണം കൂടുകയായിരുന്നു ക്രമേണ.

പിന്നീടുള്ളതെല്ലാം ചരിത്രം. നാം കണ്ടും കേട്ടും വായിച്ചും അറിഞ്ഞവ. കേരളവും ഭാരതവും കടന്നു ലോകത്തോളം വളരുകയായിരുന്നു ശങ്കർജ്ജിയും അദ്ദേഹത്തിന്റെ ഹാബിറ്റാറ്റും. ഒറീസയിലെ പുനരധിവാസ പദ്ധതികൾ, കോയമ്പത്തൂരിൽ ഇന്ത്യയിലെ ആദ്യത്തെ ലോ കോസ്റ്റ് ടൗൺഷിപ്പ്, ധാക്കയിൽ ആറുലക്ഷം ചതുരശ്ര അടിയിൽ ലോകത്തേറ്റവും വലിയ മൺവീട് സമുച്ചയം, ഇന്ത്യയിലെയും ശ്രീലങ്കയിലെയും സുനാമി ബാധിത പ്രദേശങ്ങളിലെ പുനരധിവാസ നിർമ്മാണങ്ങൾ, ബംഗ്ലാദേശ്, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലെ പുതുമയാർന്ന പദ്ധതികൾ, യു.ൻ. ജനറൽ അസംബ്ലിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു സംസാരിക്കുവാനുള്ള അവസരംപോലും അദ്ദേഹത്തെ തേടിയെത്തി. വളർച്ചയുടെ പടവുകളിൽ പൊൻതൂവൽ പോലെ പുരസ്കാരങ്ങളും. ഏറ്റവുമൊടുവിൽ ഭാരതസർക്കാരിന്റെ ഈ വർഷത്തെ പത്മശ്രീ സമ്മാനവും നേട്ടങ്ങൾക്കും പുരസ്കാരങ്ങൾക്കും നടുവിൽ നിന്നുകൊണ്ട് ശങ്കർജി വിനയാന്വിതനാകുന്നു.

ആർകിടെക്റ്റ് എന്ന നിലയിൽ ഭാഗ്യം ചെയ്ത ജന്മമാണ് എന്റേത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ മരിച്ചാലും നിലനിൽക്കുന്ന കെട്ടിടങ്ങൾ എന്റെ സ്മാരകങ്ങളാണ്.

ലോകത്ത് ഏറ്റവും കൂടുതൽ ചെലവു കുറഞ്ഞ പാർപ്പിടങ്ങൾ നിർമ്മിച്ച സ്ഥാപനം എന്ന ബഹുമതി ഹാബിറ്റാറ്റിന് സ്വന്തം. ലോകത്തിന്റെ പലഭാഗങ്ങളിലായി 34 ഓഫീസുകളും 400 ലധികം എൻജിനീയർമാരും ആർകിടെക്ടുകളും, 40,000 ത്തിലധികം പണിക്കാരുമായി ഭവനനിർമ്മാണരംഗത്ത് ഏഷ്യയിലെ ഏറ്റവും വലിയ സന്നദ്ധസംഘടനയായി ഈ സ്ഥാപനം ഇന്നു വളർന്നിരിക്കുന്നു. മഹത്തായ ഈ സംരംഭത്തിന്റെ സാരഥ്യം വഹിച്ചുകൊണ്ട് അമരത്തുതന്നെയാണ് ശങ്കർജി. അതിന്റെ ഭാഗമായി ഉലകം ചുറ്റി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു അദ്ദേഹം. യാത്രകൾ ജീവിതചര്യയുടെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു അദ്ദേഹത്തിന്.

ശങ്കർജ്ജിയുടെ വീടുകൾ സാധാരണക്കാരനുവേണ്ടിയുള്ളതാണ്. അദ്ദേഹത്തിന്റെ സങ്കൽപ്പത്തിൽ വീടെന്നാൽ കാരുണ്യമാണ്. അതിനുള്ളിൽ സ്നേഹത്തിന്റെ കാറ്റും വെളിച്ചവുമുണ്ടാകണം. അതിൽ പ്രതീക്ഷകളുടെ തളിരുകളും സന്തോഷത്തിന്റെ വർണ്ണപുഷ്പങ്ങളും വിടരുന്ന ഹരിതാഭയുണ്ടാകണം. ഈ സങ്കൽപ്പം തന്നെയാണ് അദ്ദേഹത്തെ ജനകീയനായ വാസ്തശിൽപിയാക്കിത്തീർക്കുന്നതും.

